## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5223** **27.06.2019 – ൽ മറുപടിക്ക്.**

### മരിച്ചവരുടെ പേരിലുള്ള റേഷൻ വിഹിതം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കാർഡിൽ പേരുള്ള അരലക്ഷത്തോളം മരിച്ചവരുടെ പേരിലുള്ള റേഷൻ വിഹിതം 2014 മുതൽ നിർബാധം വാങ്ങുന്നതായ സാഹചര്യം ഭക്ഷ്യവകുപ്പ് കണ്ടെത്തിയോ; | **(എ)** **യും** **(ബി)** | 2014 മുതൽ 2018 വരെ റേഷൻ കാർഡിൽ പേരുണ്ടായിരുന്ന മരിച്ചവരുടെ പട്ടിക പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** എങ്കിൽ ഇത് ന്യായവില വിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ ദുരുപയോഗമാണെന്ന് കരുതുന്നുണ്ടോ; | **യും** | |
| **(സി)** റേഷൻ വാങ്ങാത്ത അനർഹർ മുൻഗണന പട്ടികയിൽ തുടരുന്നതും മരിച്ചവരുടെ പേരിൽ റേഷൻ വാങ്ങുന്നതും അവസാനിപ്പിക്കാൻ ഭക്ഷ്യവകുപ്പ് എന്തൊക്കെ നടപടികൾ കൈകൊള്ളും; വിശദാംശങ്ങൾ നൽകുമോ? | **(സി)** | 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസങ്ങളിൽ മുൻഗണനാ വിഭാഗത്തിൽ (എ.എ.വൈ, പി.എച്ച്.എച്ച്) പെട്ട 73216 റേഷൻ കാർഡുടമകൾ റേഷൻ കൈപ്പറ്റിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതു വിഭാഗത്തിലേക്കു മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്. കൂടാതെ വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**